**അടിയന്തരം**

**ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

നം. പി1/656/2026/ഡിഎംഎംഇ(1)

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ആരോഗ്യ ഭവൻ എം.ജി റോഡ്
തിരുവനന്തപുരം
ഫോൺ നം.0471-2339307
ഇമെയിൽ-director.ame@kerala.gov.in
തീയതി:09-09-2026

**ഡയറക്ടർ**

**പ്രിൻസിപ്പൽ**
**സർക്കാർ കോളേജുകൾ/എയിഡഡ് കോളേജുകൾ**
**ഔഷധി**
**സ്വാശ്രയ കോളേജുകൾ**
**സ്വാശ്രയ പാരാമെഡിക്കൽ സ്ഥാപനങ്ങൾ**

**സർ,**

വിഷയം : ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്-ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം- ആയുർവേദ പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സ് പ്രോസ്പെക്ടസ് യോഗ്യത മാറ്റം -പുതുക്കിയ വിജ്ഞാനം -സംബന്ധിച്ച്

സൂചന : 1. 27/6/2026 ലെ സ.ഉ. (സാധാ) നം. 327/2026/ആയുഷ് നമ്പർ ഉത്തരവ്.
2. 07/9/2026 ലെ G.O.(Rt) No. 440/2026/AYUSH നമ്പർ ഉത്തരവ്
3. 08/9/2026 ലെ കേരള ഗവമ്മേന്റ്റ് ആയുർവേദ നഴ്സസ് അസോസിയേഷൻ സമർപ്പിച്ച നിവേദനം
4. 09/9/2026 പാരാ മെഡിക്കൽ കോഴ്സ് സിലബസ് റിവിഷൻ കമ്മിറ്റി ചെയർമാൻ ഡോ. പ്രവിത്ത് എൻ. കെ.- യുടെ സമർപ്പണം

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 1 പ്രകാരം 2026-27 വർഷത്തെ ആയുർവേദ പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളുടെ പ്രോസ്പെക്ടസ് അംഗീകരിച്ച സർക്കാർ ഉത്തരവായിരുന്നു. ടി പ്രോസ്പെക്ടസിൽ നഴ്സിംഗ് ഡിപ്ലോമ കോഴ്സിന്റെ യോഗ്യത പ്ലസ് 2 ആക്കിക്കൊണ്ടും, GNM ഉള്ളവർക്ക് മുൻഗണന നൽകിയും, അപേക്ഷിക്കാനുള്ള ഉയർന്ന പ്രായ പരിധി ഒഴിവാക്കി കൊണ്ടും സൂചന 2 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

GNM കോഴ്സ് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിരുന്ന നഴ്സിംഗ് ഡിപ്ലോമ കോഴ്സിന്റെ സിലബസ്, കരിക്കുലം എന്നിവ സംബന്ധിച്ച നിരവധി പരാതികൾ ലഭിച്ച സാഹചര്യത്തിൽ, നഴ്സിംഗ് ഡിപ്ലോമ കോഴ്സിന്റെ അഡ്മിഷൻ നടപടികൾ മാത്രം തത്കാലം നിർത്തിവെയ്ക്കേണ്ടതാണ് എന്ന് അറിയിക്കുന്നു. നിലവിൽ ഉള്ള നഴ്സിംഗ് കോഴ്സിന്റെ സിലബസ് പരിഷ്കരിച്ച് കോഴ്സ് duration പുതുക്കി നിശ്ചയിച്ച സർക്കാർ അനുമതി വാങ്ങിയ ശേഷം നഴ്സിംഗ് കോഴ്സ് പ്രവേശന നടപടികൾ സ്വീകരിക്കുവാൻ ഈ കാര്യാലയത്തിൽ നിന്നും പ്രത്യേക നിർദേശം നൽകുന്നതാണ്.



File No. DAME/656/2026-P1 (Computer No. 251800)
Generated from eOffice by ANIL KUMAR M, P 1 DAME., P1 DAME, DIRECTORATE OF AYURVEDA MEDICAL EDUCATION on 09/09/2026 04:23 PM

ഫാർമസിസ്റ്റ്, തെറാപ്പിസ്റ്റ് ഡിപ്ലോമ കോഴ്സുകൾ പുതിയ ഭേദഗതികൾ ഉൾപ്പെടുത്തി 2026-27 വർഷത്തെ അഡ്മിഷൻ നടപടികൾ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് അറിയിക്കുന്നു. പുതിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ഫാർമസിസ്റ്റ്, തെറാപ്പിസ്റ്റ് ഡിപ്ലോമ കോഴ്സുകൾക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധി സെപ്തംബർ 19 വരെ നീട്ടുന്നതിനു LBS ന് നിർദേശം നൽകിയിട്ടുള്ള വിവരവും അറിയിക്കുന്നു.

Digitally signed by
DR INDUKALA P R
Date: 09-09-2026
16:09:12

വിശ്വാസപൂർവ്വം

ഡയറക്ടർ

ഉള്ളടക്കം: സൂചന 2 പകർപ്പ്.

പകർപ്പ്: മാനേജിംഗ് ഡയറക്ടർ, ഔഷധി